# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6872

10/07/2014 - ൽ മറുപടിക്ക്

### ഉൾനാടൻ ജലപാതാ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്:<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ:<br>ശ്രീ. എൻ.ഷംസുദ്ദീൻ:<br>ശ്രീ. കെ.എം.ഷാജി | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ പ്രയോജനം ലഭിക്കുന്നതിനായി ഗതാഗത, വിനോദസഞ്ചാര വകുപ്പുകളെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയും പങ്കാളികളാക്കി ക്കൊണ്ട് ജലപാതകളുടെ ആഴവും വീതിയും കൂട്ടി മോടി പിടിപ്പിച്ച് കൂടുതൽ പ്രയോജനപ്രദ മാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ അത്തരമൊരു പദ്ധതിയെ ക്കുറിച്ച് ആലോചിക്കുമോ; | (എ) & (ബി) | കേരളത്തിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിച്ച് വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് ഈ പ്രവൃത്തി നടത്തുന്നത്. ദേശീയ ജലപാതയ്ക്ക് പ്രത്യേക മാനദണ്ഡങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. ദേശീയ ജലപാതയ്ക്ക് തെക്കും വടക്കും ഉള്ള ജലപാതകളും ഇതിലേക്ക് എത്തിച്ചേരുന്ന ഫീഡർ കനാലുകളും സഞ്ചാര യോഗ്യമാക്കു ന്നതിനുള്ള പ്രവൃത്തികളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ഇതിനായി ധനകാര്യ കമ്മിഷന്റെയും നബാർഡിന്റെയും ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാന ബഡ്ജറ്റ് വിഹിതവും ഉപയോഗിക്കുന്നുണ്ട്. ജലപാതയുടെ വികസന സ്ഥലം ലഭ്യമാക്കുന്നതിനു പണികൾ നടത്തു ന്നതിനും മറ്റു വകുപ്പുകളുടെ സഹകരണം ഉപയോഗപ്പെടുത്തുന്നുണ്ട്.<br><br>ജലപാതയുടെ നിർമ്മാണം പൂർത്തീകരി ക്കുന്ന സ്ഥലങ്ങളിൽ ടൂറിസം വകുപ്പിന്റെയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും സഹകര ണത്തോടെ പാതയുടെ സംരക്ഷണവും പരിപാലനവും നടത്താവുന്നതാണ്. |

| | |
|---|---|
| (സി) ഉൾനാടൻ ജലപാതാവികസനത്തിന് കഴിഞ്ഞ പത്തുവർഷം എന്തുതുക ചെലവഴിച്ചു വെന്നും ഏതൊക്കെ ജലപാതകൾക്കുവേണ്ടി യാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാ ക്കുമോ? | (സി) ഉൾനാടൻ ജലപാത വികസനത്തിന് കഴിഞ്ഞ പത്തുവർഷം സംസ്ഥാനത്ത് ചെലവഴിച്ച ആകെ തുക **183,61,00,556** രൂപയാണ്. ഏതൊക്കെ ജലപാതകൾക്ക് വേണ്ടിയാണ് പ്രസ്തുത തുക ചെലവഴിച്ചത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഡിവിഷൻ | വികസന പ്രവർത്തനം നടപ്പിലാക്കിയ ജലപാതകൾ / ഫീഡർ കനാലുകൾ / ബോട്ട് ജെട്ടികൾ | ചെലവഴിച്ച തുക |
|---|---|---|
| കൊല്ലം | റ്റി.എസ്.കനാൽ,കന്നേറ്റി കായൽ | 74,34,61,243 |
| ആലപ്പുഴ | പെരുംബളം കായൽ, ചങ്ങം കരിയാർ, കരിയാർ, പള്ളാത്തുരുത്തിയാർ, ബോട്ട് ജെട്ടികൾ | 1,60,42,500 |
| കോട്ടയം | എൻ.ഡബ്ല്യൂ-3 യുടെ ഫീഡർ കനാലുകൾ | 33,00,00,000 |
| എറണാകുളം | തീരസംരക്ഷണവും ജെട്ടി നിർമ്മാണവും | 9,10,48,726 |
| തൃശ്ശൂർ | കോട്ടപ്പുറം മുതൽ പൂവത്തും കടവ് വരെ | 4,96,89,696 |
| മലപ്പുറം | കനോലി കനാൽ | 8,20,53,605 |
| കോഴിക്കോട് | ഇ.കെ.കനാൽ, ബി.കെ കനാൽ, വടക്കുമ്പാട് പുഴ | 12,09,18,242 |
| കണ്ണൂർ | വളപട്ടണം - കൊറ്റി - കോട്ടപ്പുറം, മാഹി-വളപ്പട്ടണം, വടകര-മാഹി | 40,28,86,544 |
| | ആകെ | 183,61,00,556 |

Shamu

സെക്ഷൻ ഓഫീസർ